**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3002** **14-02-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ വികസനത്തിന് വനഭൂമി ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലയോരഹൈവേ ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വികസനാവശ്യങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മലയോര ഹൈവേ ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വികസനാവശ്യങ്ങൾക്കായി വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഓൺലൈൻ പോർട്ടലായ പരിവേഷിൽ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടി വിവരം ചുവടെ ചേർക്കുന്നു.<br><br>1. കോളിച്ചാൽ - എടപ്പറമ്പ റോഡ് :- പരിഹവാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിന് വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>2. അമ്പായത്തോട് ബോയ്സ് ഠൗൺ റോഡ് :- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിന് വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>3. കുറ്റ്യാടി ചരം റോഡ് :- പരിഹാര വനവൽക്കരണത്തിനായുള്ള ഭൂമിയുടെ മ്യൂട്ടേഷൻ വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>4. മൂലേപ്പാടം.- കക്കടാംപോയിൽ റോഡ് :- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിന് വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>5. പുലിക്കണ്ണി - വെള്ളികളങ്ങര വെറ്റിലപ്പാറ റോഡ് :- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിന് വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>6. കപ്പേള- മഞ്ഞപ്ര - ചെട്ടിനട റോഡ് :- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിന് |

| | | | |
|---|---|---|---|
| | | | വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>7, ചെട്ടിനട- നേര്യമംഗലം റോഡ് :- ഇന്റഗ്രേറ്റഡ് റീജിയണൽ ഓഫീസ്, ബാംഗ്ലൂർ ആവശ്യപെട്ട ചില അധിക വിവരങ്ങൾ നൽകുന്നതിന് വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്.<br><br>8. പ്ലാച്ചേരി- മുണ്ടക്കയം റോഡ് :- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിന് വേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്. |
| (ബി) | മലയോരഹൈവേ നിർമ്മാണം, പുതുക്കാട്-മുപ്ലിയം-കോടാലി സ്കൂൾ റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് എന്നീ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പുലിക്കണ്ണി-വെള്ളികുളങ്ങര വെറ്റിലപ്പാറ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമി കണ്ടെത്തുന്നതിനായി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്. പുതുക്കാട്: മുപ്ലിയം - കോടാലി സ്കൂൾ റോഡ്, പള്ളിക്കുന്ന്. ചിമ്മിനി ഡാം റോഡ് എന്നീ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ യാതൊന്നും തന്നെ പരിവേഷ് പോർട്ടൽ മുഖേന ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് 1980- ലെ വന സംരക്ഷണ നിയമം അനുശാസിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ